പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *132 — 05.12.2014 ലെ മറുപടിയ്ക്ക്

## ആഗോള കാർഷിക സംഗമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സംഘടിപ്പിച്ച ആഗോള കാർഷിക സംഗമം സംസ്ഥാനത്തെ കാർഷിക മേഖല നേരിട്ടുകൊണ്ടിരിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിലയിടിവ് പോലുള്ള പ്രശ്നങ്ങളിൽ ഗുണപരമായ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്നറിയിക്കാമോ ; | (എ) കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തവും സ്വാദിഷ്ഠവുമായ ഉത്പന്നങ്ങളുടെ മേന്മയും മൂല്യവും ലോകരാഷ്ട്രങ്ങളെ അറിയിക്കുകയും അങ്ങനെ ആഗോള വിപണി കണ്ടെത്തുകയും ചെയ്യുക എന്ന ലക്ഷ്യവും ആഗോള സംഗമത്തിനുണ്ടായിരുന്നു. പുത്തൻ ശാസ്ത്ര സാങ്കേതിക വിദ്യകൾ നമ്മുടെ കർഷകർക്ക് സ്വായത്തമാക്കാൻ ഇതു കൊണ്ട് കഴിയുമെന്നും വിപണന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഇതു കൊണ്ട് കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുന്ന തരത്തിലുള്ള പദ്ധതികൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) കേരളത്തിൽ കാർഷിക മേഖലയിൽ വിദേശ നിക്ഷേപങ്ങൾക്ക് സാദ്ധ്യതയുള്ള മേഖലകളെക്കുറിച്ചും, വിഷയങ്ങളെക്കുറിച്ചും അവതരണമുണ്ടായിരുന്നു. ജൈവ കൃഷി ഭക്ഷ്യസംസ്കരണം, മറൈൻ എക്സ്പോർട്ട്സ്, ലാന്റ് സ്കേപ്പിംഗ്, കോക്കനട്ട് എക്സ്ട്രാക്ട്, പൈനാപ്പിൾ കൃഷി, ഫാം എക്യുപ്മെന്റ്സ് ടെക്നോളജിക്കൽ ഫാം പ്രോഡക്ട്സ് തുടങ്ങിയവയാണ് പ്രധാന മേഖലകൾ. |
| (സി) സംഗമം സംഘടിപ്പിക്കുന്നതിനു സർക്കാരുമായി സഹകരിച്ച ഏജൻസികൾ ഏതൊക്കെയെന്നറിയിക്കാമോ ; | (സി) കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കേരഫെഡ്, കേരള ലൈവ് സ്റ്റോക്ക് ഡവ ലപ്പ്മെന്റ് ബോർഡ്, ഹോർ ട്ടികോർപ്പ്, കേരള സ്റ്റേറ്റ് പൗൾട്രി |

ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് അഗ്രോ മെഷിനറി കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള, കേരള പൈനാപ്പിൾ മിഷൻ, മിൽമ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ടൂറിസം വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് ആഗോള കാർഷിക സംഗമം സംഘടിപ്പിച്ചത്.

| | | | |
|---|---|---|---|
| (ഡി) | ഇവർ സംഗമവുമായി സഹകരിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയിരുന്നുവോ ? വിശദീകരിക്കുമോ ? സർക്കാരിന് എന്തു തുക ചെലവായി എന്നറിയിക്കുമോ ? | (ഡി) | ആഗോള കാർഷിക സംഗമം സംഘടിപ്പിക്കുന്നതിന് 219.62 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന് കേന്ദ്ര സംസ്ഥാന സർക്കാർ അനുവദിച്ച തുകയും, ഇതിൽ കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ നിന്ന് 25 ലക്ഷം രൂപയും ബാക്കി തുക മറ്റു വകുപ്പുകൾ, സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവരിൽ നിന്നും സ്വരൂപിച്ച് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ